പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2817

14.02.2013-ൽ മറുപടിയ്ക്ക്

യുവജനനയം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ.എ.എ.അസീസ് | | കുമാരി.പി.കെ.ജയലക്ഷ്മി (ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് പ്രഖ്യാപിച്ചത് ; | (എ) | ഉണ്ട്. യുവജനനയം അംഗീകരിച്ചുകൊണ്ട് സ.ഉ.(അ)നമ്പർ.3/12/കാ.യു.വ. തീയ്യതി 12.12.2012 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) നയം പ്രാവർത്തികമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (ബി) | സർക്കാരിന്റെ യുവജനനയത്തിനെ അടിസ്ഥാനമാക്കി യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പ്രവർത്തിച്ചു വരുന്നു. യുവജനനയത്തിന് ഊന്നൽ നൽകികൊണ്ടു യുവജനങ്ങളുടെ ഭൗതികവും സാംസ്കാരികവും സാഹിത്യപരവും കലാകായികപരവുമായി സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ടു വിവിധങ്ങളായ പ്രവർത്തനങ്ങളാണ് ബോർഡ് നടപ്പിലാക്കുന്നത്. യുവജനകാര്യ വകുപ്പ് മന്ത്രി ചെയർമാനായുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ 11 ഔദ്യോഗിക പ്രതിനിധികളും 10 അനൗദ്യോഗിക പ്രതിനിധികളുമാണ് ഉള്ളത്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ബോർഡിന് കേരളത്തിലെ 14 ജില്ലകളിലും യുവജനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ബോർഡ് ആസൂത്രണം ചെയ്യുന്ന വിവിധ പരിപാടികൾ ഈ ഓഫീസുകൾ വഴിയാണ് നടപ്പിലാക്കിവരുന്നത്. യുവജനനയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ പൂർത്തീകരണം ലക്ഷ്യമിട്ട്, വരുന്ന സാമ്പത്തികവർഷം പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. ബോർഡിന്റെ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിച്ചശേഷം രണ്ടാമത്തെ ബോർഡ് യോഗം നടന്നതേയുള്ളൂ. ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്ന വിധമുള്ള പദ്ധതികൾക്ക് രൂപം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ